പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3068 03. 04. 2013- ലെ മറുപടി

യു.എ.ഇ യിൽ പൊതുമാപ്പ് പ്രകാരം തിരിച്ചെത്തിയ പ്രവാസികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി. അബ്ദുൾ റസാക് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) യു. എ. ഇയിൽ പൊതുമാപ്പ് പ്രകാരം കേരളത്തിൽ തിരിച്ചെത്തിയ പ്രവാസികളുടെ എണ്ണം വ്യക്തമാക്കുമോ; | (എ) 24/02/2013 – ൽ അബുദാബിയിലെ ഇന്ത്യൻ എംബസി ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കേരളത്തിൽനിന്നുള്ള 744 പേർക്ക് എമർജൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. പാസ്പോർട്ടും മറ്റ് ആവശ്യമായ രേഖകളും ഉള്ളവർക്ക് എമർജൻസി സർട്ടിഫിക്കറ്റ് ആവശ്യമില്ലാത്തതിനാൽ പൊതുമാപ്പ് പ്രകാരം കേരളത്തിൽ തിരിച്ചെത്തിയ പ്രവാസികളുടെ എണ്ണം കൃത്യമായി ലഭ്യമല്ല എന്നറിയിച്ചിട്ടുണ്ട്. |
| (ബി) ഇവരെ തിരികെ എത്തിക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇതിന് എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കാമോ; | (ബി) യു. എ. ഇ. യിൽ അനധികൃതമായി താമസിക്കുന്ന വിദേശികൾക്ക് നിയമപരമായി രാജ്യംവിടാൻ അവസരം നൽകുന്നതിനായി പൊതുമാപ്പ് പ്രഖ്യാപിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് മലയാളികൾക്ക് എല്ലാതരത്തിലുള്ള സേവനങ്ങളും സഹായവും നൽകുന്നതിനായി യു. എ. ഇ. യിലെ ഇന്ത്യൻ അംബാസിഡർക്കും കേന്ദ്രവിദേശകാര്യമന്ത്രാലയം, കേന്ദ്ര പ്രവാസികാര്യമന്ത്രാലയം എന്നിവയ്ക്കും വിശദമായ അടിയന്തിര സന്ദേശങ്ങൾ അയച്ചിരുന്നു. എമർജൻസി സർട്ടിഫിക്കറ്റിനു വേണ്ടിവരുന്ന ഫീസും അർഹരായ നിർദ്ധനരായ ഇ. സി. ആർ കാറ്റഗറിയിലെ പ്രവാസികൾക്ക് മറ്റ് രീതിയിൽ ടിക്കറ്റ് ലഭ്യമായിട്ടില്ലെങ്കിൽ മടക്കയാത്രക്ക് വേണ്ടിവരുന്ന വിമാനയാത്രാകൂലി മടക്കി നൽകുന്നതിനും സംസ്ഥാന |

സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഈ രണ്ട് കാര്യത്തിനുമായി ഇതിനകം തന്നെ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. നോർക്ക – റൂട്ട്സ് മുഖാന്തിരമാണ് തുക മടക്കി നൽകുന്നത്. സർക്കാർ ഉത്തരവ് നൽകി അവശ്യം വേണ്ട സമയമായിട്ടില്ലാത്തതിനാൽ ചെലവായ തുകയെക്കുറിച്ച് വിശദാംശം ലഭിച്ചിട്ടില്ല.

| | |
|---|---|
| (സി)തിരികെ വന്നവർക്ക് സ്വയംതൊഴിൽ ചെയ്യാൻ ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇവരെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ? | (സി) പൊതുമാപ്പിൽ തിരികെയെത്തിയവരുൾപ്പെടെ തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് മൂലധന സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുന്നതിനായി പ്രവാസി പുനരധിവാസ പദ്ധതി കെ.എഫ്.സി, കെ. എസ്. എഫ്. ഇ., കെ. എസ്. ഐ. ഡി. സി., എസ്.ബി.റ്റി മറ്റു പൊതുമേഖല ബാങ്കുകൾ എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ സംബന്ധിച്ച് സർക്കാർ ഉത്തരവ്(സാധാ) 75/13/നോർക്ക തീയതി 11/03/2013 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ